കേരള നിയമസഭാനടപടികൾ

അഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

1979 ഏപ്രിൽ 10, ചൊവ്വ

വാല്യം XLVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 38

നിയമസഭ 1979 ഏപ്രിൽ 10-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

എക്സ്പ്രസ്, ഡീലക്സ് എക്സ്പ്രസ്, ടൊറ്റൊയിൻ ബസ്സുകൾ നിരുത്തലാക്കൽ

* 811 [879] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സ്പ്രസ്, ഡീലക്സ് എക്സ്പ്രസ്, ടൊറ്റൊയിൻ ബസ്സുകൾ നിരുത്തലാക്കാൻ ഗവൺമെന്റിനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങളെന്തെന്നു വിശദീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഡീലക്സ് സർവ്വീസുകൾ നിരുത്തലാക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും അവ നിരുത്തലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ടൊറ്റൊയിൻ നിരുത്തലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എക്സ്പ്രസ് സർവ്വീസ് നിരുത്തലാക്കുന്ന കാര്യം ആലോചനയിലേ ഇല്ല.

(ബി) ഈ സർവ്വീസുകൾ ഉപയോഗിക്കുന്ന യാത്രക്കാരുടെ എണ്ണം കുറവായതുകൊണ്ടും വരുമാനം തൃപ്തികരമല്ലാത്തതുകൊണ്ടുമാണ് ഇങ്ങനെ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്ലട നാരായണൻ: നഷ്ടം പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ട് ഇതു വീണ്ടും തുടങ്ങുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഡീലക്സ് എക്സ്പ്രസ് ലക്ഷ്വറിബസ് ആയതുകൊണ്ട് മറ്റൊരു ലക്ഷ്വറിബസ് ആവശ്യമില്ലെന്നുള്ളതുകൊണ്ടാണ് ടൊപ്പെയിൻ നിറുത്തലാക്കിയത്.

ശ്രീ. ടി. എം. ജേക്കബ്: നിലവിലുള്ള എക്സ്പ്രസ് ബസ്സും ഡീലക്സ് ബസ്സും യാത്രക്കാർക്ക് സഞ്ചരിക്കാൻ സാധിക്കാത്ത വിധത്തിൽ വളരെയേറെ മോശമായ രൂപത്തിലാണ് നടത്തുന്നത്. ഈ സർവ്വീസിനുപയോഗിക്കുന്ന ബസ്സുകൾ നന്നായിട്ട് മെയിൻറനൻസ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇതേപ്പറ്റി പരിഗണിക്കാം. എക്സ്പ്രസ് ബസ്സിൽമാത്രം കൂടുതൽ സൗകര്യവും കൂടുതൽ ജോലിക്കാരെയും വച്ചാൽ അതെല്ലാം ഓർഡിനറി സർവ്വീസിലും കൊടുക്കേണ്ടതായിട്ടു വരും. അതുകൊണ്ട് ബുദ്ധിമുട്ടുണ്ട്. എക്സ്പ്രസ് സർവ്വീസ് കുറച്ചുകൂടി ഭംഗിയായി നടത്തുന്നതിനു ശ്രമിക്കാം.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഡീലക്സ് ബസ്സിൽ സ്വതവേ യാത്രക്കാർ ഇല്ലാത്തത് കണ്ണൂരിൽനിന്ന് ഡീലക്സ് പുറപ്പെട്ട് തിരുവനന്തപുരത്തെത്തുമ്പോഴേക്കും ഫാസ്റ്റ് എക്സ്പ്രസ് പിന്നെ ഷട്ടിൽ പിന്നെ കിടക്കലെ എന്ന രൂപത്തിലാകുന്നതുകൊണ്ടാണ്. ഈ കാരണങ്ങൾകൊണ്ടാണ് ഡീലക്സ് ബസ്സിൽ ആളുകൾ കയറാത്തത് എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: സീറ്റുകളുടെ എണ്ണം വളരെ കുറവായതുകൊണ്ട് ഉള്ള സീറ്റിലേ ആളുകൾക്ക് ഇരിക്കാനൊക്കുകയുള്ളു. സീറ്റ് വളരെ കുറവാണ്.

ശ്രീ. പി. പി. തോമസ്: എക്സ്പ്രസ് ദീർഘദൂരം യാത്ര ചെയ്യുന്ന ആളുകളുടെ താൽപര്യത്തെ മുൻനിറുത്തിയുള്ളതാണ്. റെയിൽവേ ലൈനുമായി പാരലലായി പൊയ്ക്കൊണ്ടിരിക്കുന്ന എക്സ്പ്രസ് സർവ്വീസിൽ ചിലതെങ്കിലും അതില്ലാത്ത പ്രദേശത്തെ ജനങ്ങൾക്കു പ്രയോജനപ്രദമായി തിരിച്ചുവിടുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഈ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ടാണ് ഡീലക്സ് എക്സ്പ്രസും മാറും കോഴിക്കോട്ടും കണ്ണൂരും ലൈനിൽ ഓടുന്നത് നിറുത്തലാക്കാൻ തീരുമാനിച്ചത്. എങ്കിലും സ്റ്റേറ്റിന്റെ പ്രസ്റ്റീജ് ഇഷ്യു എന്നുള്ള നിലയ്ക്ക് ഡീലക്സ് നിറുത്തലാക്കണ്ടായെന്നു തീരുമാനിച്ചു. എക്സ്പ്രസ് ബസ്സുകൾ പാരലലായിട്ട് ഓടാതെ മറ്റു ഭാഗങ്ങളിലേക്ക് തിരിച്ചുവിടുന്നതിന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. മാണി: എക്സ്പ്രസ് തന്നെ സൂപ്പർ എക്സ്പ്രസ് ഡീലക്സ് എക്സ്പ്രസ്, ലിമിറ്റഡ് സ്റ്റോപ്പ്, ഓർഡിനറി എക്സ്പ്രസ് എന്നിങ്ങനെ നിരവധി പേരിലുണ്ട്. ഇവയെല്ലാം എകീ

LIBRARY ARCHIVES Kerala Legislative Assembly

കരിച്ച് ഏറ്റവും വേഗത്തിൽ എത്താവുന്ന വണ്ടിയുള്ള ബസ്സുകളാക്കി ലിമിറ്റഡ് സ്റ്റോപ്പ് അല്ലെങ്കിൽ എക്സ്പ്രസ് എന്നാക്കികൊണ്ട് ക്ലിപ്തസമയത്ത് സർവ്വീസ് നടത്തുന്നതിന് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: വളരെപേരിലുള്ള എക്സ്പ്രസ് വേണ്ട രണ്ടു മൂന്ന് ഇനം ബസ്സ് മാത്രം മതിയെന്നുള്ള പൊതുവായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഡീലക്സ് എക്സ്പ്രസ്സും ഫാസ്റ്റ് പാസഞ്ചറും ഓർഡിനറി ബസ്സും മതിയെന്ന നിഗമനത്തിൽ എത്തിയിരിക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ ബസ്സുകളം നിർത്തിക്കഴിഞ്ഞാൽ അത് റീപ്ലേസ് ചെയ്തുകഴിഞ്ഞിട്ട് ഈ സമയത്ത് വേറെ ബസ്സ് ഓടിക്കാൻ പരിപാടിയുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആ സമയത്ത് ഫാസ്റ്റ് പാസഞ്ചർ സർവ്വീസും എക്സ്പ്രസ് സർവ്വീസും തുടങ്ങുന്നുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് പറയുന്നതുപോലെ പേര് എന്ത് ഇട്ടാലും ശരി ആ ബസ്സിൽ കയറുന്ന ആളുകൾക്ക് സമയത്ത് എത്തണം. സമയത്ത് എത്തുന്നില്ലെന്നുള്ളതാണ് പരാതി. ഡീലക്സ് ബസ്സിനു കാത്തുനിന്ന് ടിക്കറ്റ് എടുത്തിട്ടുള്ള ആളുകൾക്ക് വേറെ ബസ്സാണ് കിട്ടുന്നത്. സർവ്വീസ് എല്ലാം സമയത്തിന് മര്യാദക്ക് ഓടിക്കാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നു പറയുന്നതുപോലെ ഉള്ളിലെ വിചാരവും നന്നായിട്ടിരിക്കണം. യാത്രക്കാരുടെ പെരുമാറ്റം അൽപം ഭേദപ്പെട്ടാലേ യാത്രയും ബസ്സും നന്നായിട്ടിരിക്കുകയുള്ളു.

ശ്രീ. കെ. പി നൂറുദ്ദീൻ: ഡീലക്സ് ബസ്സിന്റെ സീറ്റിന്റെ കുറവാണ് വരുമാനത്തിന്റെ കുറവിനു കാരണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സീറ്റ് കുറവാണെങ്കിൽ സീറ്റ് കൂട്ടാനും സർവ്വീസ് നന്നായി നടത്താനും ശ്രദ്ധിക്കുമോ? അതിൽ യാത്ര ചെയ്യുന്നവർക്ക് കണ്ണൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് യാത്ര ചെയ്യുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഡീലക്സ് ബസ്സിൽ കുറച്ചുകൂടി സൗകര്യമുണ്ടാക്കികൊടുക്കുകയാണെങ്കിൽ ഇതിനെക്കാളും മെച്ചപ്പെട്ട സർവ്വീസ് നടത്താൻ കഴിയും. അതേപ്പറ്റിയുള്ള ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഡീലക്സ് എക്സ്പ്രസ് വളരെ വേഗത്തിൽ പോകുന്ന വാഹനമായതുകൊണ്ട് നീളം കൂട്ടി കൂടുതൽ സീറ്റ് ഇടുന്ന കാര്യത്തിൽ ബുദ്ധിമുട്ടുണ്ട്. നഷ്ടമായാലും ഉള്ള വലിപ്പത്തിൽ കൂടുതൽ സൗകര്യങ്ങളം ഉണ്ടാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇടയ്ക്ക് ബ്രേക്ക് ഡൗൺ ഇല്ലാതെ പുതിയ ബസ്സുകളം ഓടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ചടയൻ ഗോവിന്ദൻ: ഡീലക്സ് എക്സ്പ്രസ് നിറുത്തലാക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. രണ്ട് ആഴ്ചയിലധികമായി കണ്ണൂർ തിരുവനന്തപുരം ഡീലക്സ് എക്സ്പ്രസ് ബസ് ഓടുന്നില്ലെന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് വേണ്ടായെന്ന് ആദ്യം തീരുമാനിക്കുകയുണ്ടായി. പിന്നീട് നിറുത്തിവച്ചത് വീണ്ടും തുടങ്ങാൻ തീരുമാനിച്ചു.

ശ്രീ. എ. എ. റഹീം: ഡീലക്സ് എക്സ്പ്രസ് ബസ്സ് വളരെ പഴക്കം ചെന്നതായതുകൊണ്ടും വൃത്തികേടായതുകൊണ്ടും പലരും കേറാൻ മടിക്കുന്നുവെന്ന വസ്തുത മനസ്സിലാക്കി, കൂടുതൽ ചാർജ്ജ് ഈടാക്കാതെ നല്ല ബസ് ഉപയോഗിക്കുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിനും തയ്യാറാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഡീലക്സ് ബസ്സിൽ ഉള്ള സീറ്റിൽ ആളുകളുണ്ട്. സീറ്റിന്റെ എണ്ണം കുറവായതുകൊണ്ടും യാത്രക്കാരുടെ എണ്ണം കുറവായതുകൊണ്ടും അതിന്റെ ചാർജ്ജും കുറവാണ്. വൃത്തികേടായതുകൊണ്ട് ആളുകൾ കേറാതിരിക്കുന്നതല്ല. വൃത്തികേടുണ്ടെങ്കിൽ അതു മാറാൻ പരിശ്രമിക്കാം.

ശ്രീ. ടി. എ. പരമൻ: എക്സ്പ്രസ് ബസ് അധികം സ്റ്റേഷനിൽ നിറുത്തുന്നില്ല; വേഗത്തിൽ ഓടിക്കുകയും ചെയ്യുന്നു. എന്നാൽ ക്ലീൻ ചെയ്യുന്ന സമയത്തും നിറുത്തുന്ന സ്ഥലത്ത് അര മണിക്കൂർ മുക്കാൽ മണിക്കൂർ നിറുത്തുകയും ചെയ്യുന്നതുകൊണ്ട് എക്സ്പ്രസ് അല്പാതായിത്തീരുന്നു എന്നുള്ളത് പരിഗണിച്ച് ആ സമയം കുറയ്ക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിറുത്തുന്നിടത്ത് കൂടുതൽ സമയം നിറുത്തുന്നത് യാത്രക്കാരുടെ സൗകര്യം ഉദ്ദേശിച്ചിട്ടായിരിക്കാം. നിറുത്തണ്ടായെന്ന് എല്ലാവരും തീരുമാനിച്ചാൽ നിറുത്താതെ ഓടിക്കാം.

ശ്രീ. പി. കെ. ശ്രീനിവാസൻ: എക്സ്പ്രസ് ബസ് ചില പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ നിറുത്താതിരിക്കുകയും അതിനേക്കാൾ താരതമ്യേന പ്രാധാന്യം കുറഞ്ഞ സ്ഥലങ്ങളിൽ നിറുത്തുകയും ചെയ്യുന്നു. പോയിന്റുകൾ നിശ്ചയിക്കുന്നത് ചിലരുടെ ഇഷ്ടാനിഷ്ടങ്ങൾ ആശയിച്ചാണോ അതോ സ്ഥലത്തിന്റെ പ്രാധാന്യമനുസരിച്ചാണോ അതു സംബന്ധിച്ച് ഗവൺമെന്റ് ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എക്സ്പ്രസ് പോലെയുള്ള ബസ്സുകൾ വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽമാത്രം നിറുത്തിയാൽ മതിയെന്നാണ് തീരുമാനിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നിറുത്താതെ പോവുകയാണെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹാരമുണ്ടാക്കാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഡീലക്സ് എക്സ്പ്രസ് ബസ്സിൽ സഞ്ചരിക്കുന്നതു ഫാസ്റ്റ് പാസഞ്ചറിലേതിനേക്കാൾ ഇരട്ടി ചാർജ്ജ് കൊടുത്താണ്. അതു വീണ്ടും ആരംഭിക്കുമ്പോൾ എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനിലും കൂടുതൽ അഡീഷണൽ ബസ്സിട്ട് യാത്രക്കാരെ സഹായിക്കാൻ തയ്യാറാകുമോ ? എക്സ്പ്രസ് ഡീലക്സ് ബസ്സിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുമ്പോൾ ബസ്സിനു കേടുവന്നാൽ ഫാസ്റ്റ് പാസഞ്ചറിലാണ് യാത്ര ചെയ്യേണ്ടത്. അതുകൊണ്ട് പ്രധാനപ്പെട്ട സ്ഥലത്ത് അഡീഷണൽ ബസ്സ് ഇടാൻവേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് ബുദ്ധിമുട്ടുള്ള കാര്യമാണ്. 7 വർഷത്തിൽ കൂടുതൽ എക്സ്പ്രസ് ബസ്സുപയോഗിക്കണ്ടായെന്നാണ് തീരുമാനമെങ്കിലും ചിലപ്പോൾ അതിനേക്കാൾ കൂടുതൽ വർഷം ഉപയോഗിക്കും. ഭാവിയിലെങ്കിലും മൂന്നുവർഷം കഴിയുമ്പോൾ ബസ് മാറാൻ തീരുമാനിച്ചിട്ടുള്ളതുകൊണ്ട് അഡീഷണൽ ബസ്സ് ഉപയോഗിക്കേണ്ട കാര്യമില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: സിറ്റികളിലെങ്കിലും ഇലക്ട്രിക് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: തിരുവനന്തപുരം സിറ്റിയിൽ ട്രോളി ബസ്സ് തുടങ്ങുന്നതിനെപ്പറ്റി ആലോചിച്ചിരുന്നു. അതിനുള്ള അവസാന തീരുമാനം എടുത്തു കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: മറ്റ് സംവിധാനമൊന്നും ചെയ്തില്ലെങ്കിലും കണ്ണൂരിൽനിന്നും പാലക്കാട്ടുനിന്നും ഇരുന്നൂറു മൈൽ യാത്ര ചെയ്യുമ്പോൾ വേനൽക്കാലത്ത് വെള്ളം കുടിക്കാനുള്ള സൗകര്യം ഏർപ്പെടുത്തികൊടുക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബസ്സിൽ വെള്ളം കൊടുക്കുന്ന കാര്യം ബുദ്ധിമുട്ടുണ്ട്. വെള്ളം കുടിക്കുന്നതിനു വേണ്ടിയാണ് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ നിറുത്തുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: ബസ്സിന്റെ പേര് എന്തായാലും മര്യാദയ്ക്ക് ഓടിക്കാനുള്ള ഒരു ശ്രമം അഭിനവനാരായണഗുരു നടത്തുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അഭിനവ നാരായണൻ അല്ല ആദിനാരായണൻതന്നെയാണ്. ഓടിക്കുന്ന കാര്യത്തിൽ ഡ്രൈവർമാർ തെറ്റ് കാണിക്കുന്നെങ്കിൽ അവർക്ക് റിഫ്രഷർ കോഴ്സ് ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഡീലക്സ് എക്സ്പ്രസ്സ് ബസ്സും മറ്റു ബസ്സുകളും പൊതുവായി യാത്രക്കാരുടെ മരണനിരക്കുകുന്നുവെന്നുള്ളതുകൊണ്ട് വിമാനസർവ്വീസിനെ മാതിരി ബസ് യാത്രക്കാർക്ക് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പാട് ചെയ്യുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബസ് യാത്രക്കാർക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയാൽ കൊള്ളാമെന്ന കാര്യം നേരത്തെ ആലോചിച്ചിരുന്നു. പക്ഷെ അതിനുവേണ്ടി ടിക്കറ്റിന് അൽപ്പം കൂടി റേറ്റ് ഈടാക്കിയാൽ പൊതുജനങ്ങളിൽനിന്ന് പ്രതിഷേധമുണ്ടാകുമോയെന്ന് വിചാരിച്ചിട്ടാണ് ഇൻഷ്വറൻസ് പദ്ധതിയുടെ കാര്യത്തെപ്പറ്റി കൂടുതലായി ആലോചിക്കാത്തത്.

ശ്രീ. പി. ആർ. ഫ്രാൻസിസ്: കണ്ണൂരിൽനിന്നും തൃശൂരിലേക്ക് ഡീലക്സ് ബസ് ഓടുന്നതിന് സമയം അഞ്ചര മണിക്കൂറാണ്. ഇതിനിടയിൽ 13 റെയിൽവേ ഗേറ്റുകളുണ്ട്. അതുകൊണ്ട് വണ്ടി കൃത്യസമയത്ത് എത്തുന്നില്ല എന്നുള്ളത് പരിഗണിച്ച് അതു പരിഹരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: ബസ്സിന്റെ സമയപ്പട്ടികകൊണ്ടും ട്രെയിനിന്റെ സമയപ്പട്ടികകൊണ്ടും ഇങ്ങനെ സംവേദിക്കാറുണ്ട്. റെയിൽവേ ഗേറ്റുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഓവർ ബ്രിഡ്ജ് പണിയണമെന്നു കേന്ദ്രഗവൺമെന്റിന്റെ റെയിൽവേ വകുപ്പിന് എഴുതിയിട്ടുണ്ട്. കഴിയുന്നതും മറ്റു വിധത്തിൽ ഇതിന്റെ താമസം മാറ്റാൻ ശ്രമിക്കാം.

ശ്രീ. വി.ജെ. ജോസഫ്: എക്സ്പ്രസ് ബസ്സിൽ കയറിയാൽ തലകുനിച്ചാണ് ഇരിക്കേണ്ടിവരുന്നത്. തമിഴ്നാട് ബസ്സിന്റെ സീറ്റിംഗ് അറേഞ്ച്മെന്റ് നോക്കിയാൽ എക്സ്പ്രസ് ബസ്സിൽ ചാരിയിരിക്കാനുള്ള സൗകര്യത്തോടുകൂടിയാണ് സീറ്റ് ഉണ്ടാക്കിയിരിക്കുന്നതെന്നു കാണാം. അത്തരത്തിൽ നമ്മുടെ ബസ്സുകളിലും സീറ്റിംഗ് അറേഞ്ച്മെന്റ് ചെയ്യുന്ന കാര്യത്തെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത് ബസ്സിന്റെ സീറ്റിംഗ് അറേഞ്ച്മെന്റിന്റെ കുഴപ്പം കൊണ്ടാണെന്നു തോന്നുന്നില്ല. ചില ആളുകൾക്ക് ഇരുന്നാലും തല കുനിഞ്ഞുപോകും. എങ്കിലും എന്തെങ്കിലും പ്രത്യേക ബുദ്ധിമുട്ടുണ്ടെങ്കിൽ അതു നോക്കാം.

ശ്രീ. സേവ്യർ അറയ്ക്കൽ: ബസ്ഫെയർ വർദ്ധിപ്പിക്കുവാൻ പോകുന്നു എന്നു കേൾക്കുന്നു. ആ നിലയിൽ കൂടുതൽ ഫെയർ ഈടാക്കൊല്ലം നടപ്പാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴം അതെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. കെ. അനിരുദ്ധൻ: എക്സ്പ്രസ് ബസ്സുകളിൽ ഒരു സ്പെയർ വീൽ കൂടി കൊടുത്തയക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ.കെ. നാരായണക്കുറുപ്പ്: അങ്ങനെയൊരു ഫ്ലർപ്പാട് ഇപ്പോഴം ഇല്ല. അങ്ങനെയാണെങ്കിൽ മൂവായിരത്തോളം ടയർ കൊടുത്തയക്കേണ്ടിവരും. പ്രധാനപ്പെട്ട സർവ്വീസുകളിൽ അതു കൊടുത്തയക്കുന്നതിനെപ്പറ്റി ആലോചിക്കാം. പക്ഷെ അത്യാവശ്യം വന്നാൽ അതു മാറ്റാൻ കൂടി അതിലെ ജോലിക്കാർ സന്നദ്ധത കാണിക്കണം. അതാണ് മറ്റൊരു പ്രശ്നം.

പട്ടികജാതി/പട്ടിക വർഗ്ഗക്കാരായ അഡ്വക്കേറ്റുമാർക്ക് പ്രാക്ടീസ് ആരംഭിക്കാൻ സഹായങ്ങൾ

* 812 [880] ശ്രീ. എൻ. വാസുദേവൻ പിള്ള:
,, എം. കെ. കൃഷ്ണൻ:
,, പി. കരുണാകരൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ:
,, റ്റി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ–സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികജാതി/പട്ടിക വർഗ്ഗക്കാരായ അഡ്വക്കേറ്റുമാർക്ക് പ്രാക്ടീസ് ആരംഭിക്കാൻ എന്തൊക്കെ സഹായങ്ങളാണ് ഗവൺമെന്റ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly